പതിമൂന്നാം കേരളനിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 284 | 30.11.2015 ൽ മറുപടിക്ക്

## അന്യസംസ്ഥാന തൊഴിലാളികളുടെ കുറ്റകൃത്യങ്ങൾ

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
|---|---|
| (എ) സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) അന്യസംസ്ഥാന തൊഴിലാളികൾക്കിടയിലെ ക്രിമിനലുകളെ കണ്ടെത്തുന്നതിനും നിരീക്ഷിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വ്യക്തമാക്കുമോ; | ബി) ഇതരസംസ്ഥാന തൊഴിലാളികൾക്കിടയിലെ ക്രിമിനലുകളെ കണ്ടെത്തുന്നതിനും നിരീക്ഷിക്കുന്നതിനുമായി, ഇവർ കൂടുതലായി തമ്പടിക്കുന്ന സ്ഥലങ്ങളിലും ജോലി സ്ഥലങ്ങളിലും പോലീസ് രഹസ്യനിരീക്ഷണവും പട്രോളിംഗും നടത്തി വരുന്നു. കൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഇതര സംസ്ഥാന തൊഴിലാളികളുടെ പൂർണ്ണമായ വിലാസം, ഫോട്ടോ, ഫിംഗർ പ്രിന്റ്, ഇലക്ഷൻ ഐഡന്റിറ്റി കാർഡിന്റെ വിവരങ്ങൾ, ഈ തൊഴിലാളികളുടെ കോൺട്രാക്ടർമാരുടെ വിവരങ്ങൾ എന്നിവ കൃത്യമായും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചുവരുന്നു. ഇതിനുപുറമെ ഇതരസംസ്ഥാന തൊഴിലാളികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായി സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥരുടെ സേവനവും പ്രയോജനപ്പെടുത്തിവരുന്നു. |
| (സി) അന്യസംസ്ഥാന തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് തടയുന്നതിനും, അവർക്കിടയിലെ ക്രിമിനലുകളെ കണ്ടെത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ